# NEW AL WUROOD INTERNATIONAL SCHOOL , JEDDAH

**B.E.S.T. Group of Schools, K.S.A.**

Affiliated to CBSE – New Delhi, Affiliation No: 5730008

**WORKSHEET - 2**

**TERM 3 EXAMINATION (2022-23)**

**GRADE: 7** **SUBJECT: Malayalam**

---

**I. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കുത്തരമെഴുതുക**

മനുഷ്യർക്ക് ജന്മസിദ്ധമാണ് കഥ കേൾക്കാനുള്ള താൽപര്യം. മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രപഞ്ചവും തമ്മിലും ഉള്ള ബന്ധമാണല്ലോ കഥകളിൽ പ്രതിഫലിക്കുന്നത്. അതിനാൽ മനുഷ്യനെ സന്തോഷിപ്പിക്കാനും തൃപ്തിപ്പെടുത്താനും ആവേശം കൊള്ളിക്കാനും പുതിയ ജീവിത വഴിത്താര തുറന്നു കൊടുക്കാനും കഥകൾക്കു കഴിയുന്നുണ്ട്. മനുഷ്യനിൽ അന്തർലീനമായിക്കിടക്കുന്ന ആസ്വാദന മനോഭാവവും ജീവിത ബോധവും, ഉൽക്കർഷേച്ഛയും ഉത്തമമായ കഥാശ്രവണം കൊണ്ട് സമ്പുഷ്ടമാകുന്നു. കുട്ടികൾ കഥാശ്രവണ കുതുകികളാണ്. മനുഷ്യ ജീവിതത്തെക്കുറിച്ചും ലോക സംഭവങ്ങളെക്കുറിച്ചും കൂടുതൽ അറിയാനുള്ള അഭിവാഞ്ഛയാണ് ഇതിനു കാരണം. ഈ താൽപര്യം കൂടുതൽ പ്രയോജനകരമായ ചാനലുകളിലേക്ക് തുറന്നു വിടുക കഥകളുടെ ലക്ഷ്യമാകുന്നു. താരാട്ടു പാട്ടുകളോടൊപ്പം മുത്തശ്ശിക്കഥകളും ബാലമനസ്സിൽ നിറംപിടിച്ചു നിൽക്കുക സ്വാഭാവികമാകുന്നു. അമ്മൂമ്മക്കഥകളുടെ സ്വാരസ്യം കുട്ടികളുടെ ഹൃദയത്തിൽ നിന്ന് ഒരിക്കലും വിട്ടു പോകുകയില്ല. കഥ രസകരമാണെങ്കിൽ അത് കേൾക്കുന്ന കുട്ടികൾക്ക് ഒരിക്കലും ഉദാസീന മനോഭാവം ഉണ്ടാകില്ല. കഥകൾക്ക് വിദ്യാഭ്യാസത്തിൽ ഉന്നതമായ സ്ഥാനമാണുള്ളത്.

**ചോദ്യങ്ങൾ**

a) കഥകളിൽ മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധം ചിത്രീകരിക്കുന്നതിലൂടെ സാധിക്കുന്നതെന്ത്?

b) ഉത്തമമായ കഥാശ്രവണം കൊണ്ടുള്ള ഗണമെന്ത്?

c) വിദ്യാഭ്യാസത്തിൽ കഥകൾ കൊണ്ട് ലക്ഷ്യമിടുന്നത് എന്താണ്?

d) അമ്മൂമ്മക്കഥകൾ കുട്ടികൾക്ക് ആവശ്യമാണെന്ന് പറയുന്നതെന്തുകൊണ്ട്?

e) ഈ ഖണ്ഡികക്ക് ഉചിതമായ ഒരു ശീർഷകം നൽകുക.

II. **നദീജല സംരക്ഷണം എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.**

II.നിങ്ങളുടെ പ്രദേശത്ത് അസമയത്ത് പതിവാകുന്ന വൈദ്യുതി മുടക്കത്തിന് ഉടൻ പരിഹാരം കാണണമെന്നാവശ്യപ്പെട്ട് കെ എസ് ഇ ബി ഓഫീസർക്ക് ഒരു കത്ത് തയ്യാറാക്കുക.

III. പൂക്കാരി എന്ന കവിതയിലെ ആദ്യത്തെ എട്ടു വരികൾ എഴുതുക